"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് - 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ രണ്ടാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.356/2025/CLAD തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-
1. 04.01.2021 -ലെ 1/2021/ധന നമ്പർ സർക്കുലർ
2. 12.06.2024 -ലെ 35/2024/ധന നമ്പർ സർക്കുലർ
3. സ.ഉ.(സാധാ) നം.223/2025/സാം കാ വ തീയതി, 18.04.2025
4. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 17.05.2025- ലെ 1212/ഇ4/2024/എസ് ഐ ഇ പി നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷം "2202-05-102-98-36-(NP) " എന്ന ശീർഷകത്തിൽ പദ്ധതിയേതരവിഹിതമായി വകയിരുത്തിയിട്ടുള്ള 270.11 ലക്ഷം രൂപയിൽ നിന്നും ആദ്യ ഗഡുവായി 54,00,000/-രൂപ പരാമർശം (3) പ്രകാരം അനുവദിച്ച നൽകിയിട്ടുണ്ട്. പദ്ധതിയേതരവിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിക്കുന്നതിനായി പരാമർശം (4) പ്രകാരം ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഗഡു ഗ്രാന്റായി 1,25,00,000/- രൂപ അടിയന്തരമായി അനുവദിച്ച നൽകണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷം ''2202-05-102-98-36-(NP) " എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 270.11 ലക്ഷം രൂപയിൽ നിന്നും 21,60,000/-രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രണ്ടാം ഗഡുവായി അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) ലെ നിബന്ധനകൾ പ്രകാരം പ്രസ്തുത തുക കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 799011400006874 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം

ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ ലഭ്യമാക്കുമ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം വിശദമായ ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകുപ്പ് (19.06.2025 ലെ 3116768 EDN-C3/73/2025-FIN നമ്പർ പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (C1/50/2025-CLAD)

ഉത്തരവിൻ പ്രകാരം
Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 24-06-2025 13:14:16

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി .എസ്സ്. ന്